രൂപീകരിക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ നടപടി സംബന്ധിച്ച് സംസ്ഥാന സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന സമീപനമെന്താണെന്ന് വ്യക്തമാക്കാമോ?

കേന്ദ്ര സർക്കാർ സഹകരണ വകുപ്പ് എന്ന ഒരു പുതിയ മന്ത്രാലയം രൂപീകരിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത മന്ത്രാലയത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി ഇക്കാര്യത്തിൽ നിലപാട് സ്വീകരിക്കുന്നതാണ്.

(ബി) ഇത് സംസ്ഥാനത്തെ വിപുലമായ സഹകരണ പ്രസ്ഥാനങ്ങളുടെ ഭാവിയെ പ്രതികൂലമായി ബാധിക്കുന്നതാണെന്ന അഭിപ്രായം സഹകാരികളിൽ നിന്ന് ഉയർന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേന്ദ്ര സർക്കാർ സഹകരണ വകുപ്പ് എന്ന ഒരു പുതിയ മന്ത്രാലയം രൂപീകരിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത മന്ത്രാലയത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി ഇക്കാര്യത്തിൽ നിലപാട് സ്വീകരിക്കുന്നതാണ്.

(സി) സംസ്ഥാനത്തെ സഹകരണമേഖലയെ പ്രതികൂലമായി ബാധിക്കാനിടയുള്ള ഇത്തരം പ്രഖ്യാപനങ്ങളിൽനിന്നും നടപടികളിൽ നിന്നും പിൻമാറണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ?

കേന്ദ്ര സർക്കാർ സഹകരണ വകുപ്പ് എന്ന ഒരു പുതിയ മന്ത്രാലയം രൂപീകരിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത മന്ത്രാലയത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി ഇക്കാര്യത്തിൽ നിലപാട് സ്വീകരിക്കുന്നതാണ്.

കൊച്ചിൻഷിപ്പ് യാർഡ് സ്റ്റാഫ് കോ-ഓപ്പറേറ്റീവ് ഹൗസ് കൺസ്ട്രക്ഷൻ സൊസൈറ്റി

280 (2010) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) സംസ്ഥാന സഹകരണ വകുപ്പിന്റെ അംഗീകാരമുള്ള കൊച്ചിൻ ഷിപ്പ്യാർഡ് സ്റ്റാഫ് കോ-ഓപ്പറേറ്റീവ് ഹൗസ് കൺസ്ട്രക്ഷൻ സൊസൈറ്റി (ഇ-346)-യുടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമെന്നും പ്രസ്തുത സൊസൈറ്റി നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്നും വിശദമാക്കാമോ?

സംഘത്തിന് വേണ്ടിയോ സംഘാംഗങ്ങൾക്ക് വേണ്ടിയോ സ്ഥലം വാങ്ങുക, വസ്തു പണയപ്പെടുത്തുക, ഹൗസ് പ്ലോട്ടുകൾ, വീടോടുകൂടിയ സ്ഥലം വാങ്ങുക, റിപ്പയറുകളോ, കൂട്ടിച്ചേർക്കലുകളോ നടത്തുക, സൊസൈറ്റിയുടെ പൊതു ആവശ്യത്തിനുവേണ്ടി കെട്ടിടങ്ങൾ പണിയുക, വീടുകൾ പണിയുക, വാടകയ്ക്ക് കൊടുക്കുക, സംഘത്തിലെ അംഗങ്ങൾക്ക് പ്രയോജനം കിട്ടത്തക്കവിധത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുയോജ്യമായ രീതിയിൽ സ്ഥലം തരം തിരിച്ച് റോഡുകളോ, ചന്തയോ, പോസ്റ്റ് ഓഫീസോ തുടങ്ങുന്നതിനുള്ള രീതിയിലാക്കുക, ഭവന നിർമ്മാണത്തിനാവശ്യമായ ഫണ്ടുകൾ സമാഹരിക്കുക, സംഘത്തിന്റെ ഉദ്ദേശ്യങ്ങൾ നേടിയെടുക്കുന്നതിനായി സ്ഥാവര ജംഗമ വസ്തുക്കൾ കൈവശം വയ്ക്കുകയോ, വിൽക്കുകയോ, പണയത്തിലോ, പാട്ടവ്യവസ്ഥയിലോ, വാടകയ്ക്കോ നൽകുക, സാമൂഹിക, വിദ്യാഭ്യാസ, ആരോഗ്യ, ചികിത്സാ, വിനോദ മേഖലകളുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നിവയാണ് നിയമാവലി പ്രകാരമുള്ള പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ. എറണാകുളം ജില്ലയുടെ വിവിധ ഭാഗങ്ങളിലായി സംഘം നാളിതുവരെ പൂർത്തിയാക്കിയതും പൂർത്തിയാക്കാത്തതുമായ പ്രോജക്ടുകൾ ചുവടെ ചേർക്കുന്നു:

1. കൃഷ്ണവിഹാർ കോളനി പ്രോജക്ട്

2. വികാസ് നഗർ ഹൗസിംഗ് കോളനി പ്രോജക്ട്

3. കരീക്കാട് പ്രോജക്ട്

4. ചിറ്റൂർ പ്രോജക്ട്

5. ചോറ്റാനിക്കര പ്രോജക്ട്

6. നടക്കാവ് പ്രോജക്ട്

(ബി) പ്രസ്തുത സൊസൈറ്റിയുടെ അഞ്ചാമത്തെ പദ്ധതിയായ നടക്കാവ് സ്കീം നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ?

നടക്കാവ് സ്കീം നടപ്പിലാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടത് ടി സംഘം ഭരണസമിതിയായതിനാൽ വകുപ്പ് തലത്തിൽ യാതൊരു നടപടികളും കൈക്കൊള്ളേണ്ടതില്ല.

(സി) സഹകരണ വകുപ്പിന്റെ അംഗീകാരത്തോടെയാണോ നടക്കാവ് സ്കീം നടപ്പിലാക്കുന്നതിനായി ഒപ്പിട്ടിട്ടുള്ള കരാറെന്ന് വ്യക്തമാക്കാമോ?

സഹകരണ വകുപ്പിന്റെ അംഗീകാരത്തോടെയല്ല നടക്കാവ് സ്കീം നടപ്പിലാക്കുന്നതിനുള്ള കരാർ ഒപ്പിട്ടിട്ടുള്ളത്.

(ഡി) പ്രസ്തുത സ്കീമുമായി ബന്ധപ്പെട്ട ഭൂമി ഇടപാടിനെയും നടത്തിപ്പിനെയും സംബന്ധിച്ച ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആരോപണങ്ങളെ സംബന്ധിച്ച് സഹകരണ വകുപ്പുതല അന്വേഷണമോ വിജിലൻസ്

LIBRARY ARCHIVES Kerala Legislative Assembly

അന്വേഷണമോ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വകുപ്പുതല അന്വേഷണം നടത്തിയിട്ടുണ്ട്. സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തുവാൻ ഉത്തരവാകുകയും അന്വേഷണ ഉദ്യോഗസ്ഥൻ 29-11-2014-ൽ 65-ാം വകുപ്പ് അന്വേഷണം പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും തുടർന്ന് സഹകരണ നിയമം വകുപ്പ് 68(1) പ്രകാരമുള്ള അന്വേഷണം നടത്തുന്നതിന് ഉത്തരവായിട്ടുള്ളതുമാണ്.

(ഇ) ഇതു സംബന്ധിച്ച് ഫയൽ ചെയ്യപ്പെട്ട കേസിൽ സഹകരണ വകുപ്പ് എൻക്വയറി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

നടക്കാവ് പ്രോജക്ടുമായി ബന്ധപ്പെട്ട് സംഘം ഫയൽ ചെയ്തിട്ടുള്ള WP(c) No.34456/2014-ന്റെ അന്തിമവിധി പ്രകാരം ടി പ്രോജക്ടുമായി ബന്ധപ്പെട്ടുള്ള ARC കേസ് 24/2010 സഹകരണ സംഘം രജിസ്ട്രാർക്ക് കൈമാറിയിട്ടുള്ളതും, ടി കേസ് സഹകരണസംഘം രജിസ്ട്രാർ കേട്ടുകൊണ്ടിരിക്കുന്നതും ആയതിൽ അന്തിമതീർപ്പായിട്ടില്ലാത്തതുമാണ്.

നെൽ സഹകരണ സംഘങ്ങളുടെ രൂപീകരണം

281 (2011) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. പി. പി. സുമോദ്:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) കോവിഡ് മഹാമാരി സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിന് സഹകരണ മേഖല ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്?

1. മുഖ്യമന്ത്രിയുടെ സഹായ ഹസ്തം വായ്പാ പദ്ധതി (CM' s Helping Hand Loan Scheme- CMHLS)-ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ച പാക്കേജിൽ ഉൾപ്പെട്ട, കുടുംബശ്രീ മുഖേനയുള്ള വായ്പാ പദ്ധതിയാണ് " മുഖ്യമന്ത്രിയുടെ സഹായ ഹസ്തം വായ്പാ പദ്ധതി (CM' s Helping Hand Loan Scheme- CMHLS)"

2. സ്പെഷ്യൽ ലിക്വിഡിറ്റി ഫെസിലിറ്റി (SLF) വായ്പാ പദ്ധതി കോവിഡ്- 19 രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ കാർഷിക മേഖലയേയും ചെറുകിട വ്യവസായമേഖലയേയും (MSME) സജീവമായി